<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 657</u> <u>30-01-2024 - ൽ മറുപടിയ്ക്ക്</u>

## <u>അങ്കമാലി നിയോജകമണ്ഡലത്തിലെ ഗിഫ്റ്റ് സിറ്റി പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി മണ്ഡലത്തിലെ ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി അയ്യമ്പുഴ പഞ്ചായത്തിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമകൾക്ക് ഭൂമിയുടെ വില നൽകുന്നതിന് വ്യവസായ വകുപ്പ് മന്ത്രിക്ക് 10.08.2023-ൽ നൽകിയ കത്ത് 09.10.2023 തീയതി ഐ.എൻ.1231000052/ എം (ലോ, ഇൻഡ് ആന്റ് കയർ) നമ്പരായി കിൻഫ്ര മാനേജിംങ് ഡയറക്ടർക്ക് കൈമാറിയ വിഷയത്തിൽ നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി അയ്യമ്പുഴ പഞ്ചായത്തിൽ ഏറ്റെടുക്കുന്ന ഭൂമിക്ക് 2013-ലെ RFCTLARR ആക്റ്റിലെ വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള സമയ പരിധി 03.10.2023 മുതൽ 6 മാസത്തേക്ക് ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഭൂവുടമകൾക്ക് നല്കുന്നതിലേക്കുള്ള തുക കിഫ്ബിയിൽ നിന്നാണ് സമാഹരിക്കുന്നത്. കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പഞ്ചായത്തിൽ നിന്നും ഗിഫ്റ്റ് സിറ്റി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കുമോ; | (ബി) | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതിയുടെ ഭാഗമായ ഗിഫ്റ്റ് സിറ്റി പദ്ധതിയിൽ ബിസിനസ് ഓഫീസുകൾ, ദേശീയ, അന്തർദ്ദേശീയ ബാങ്കിംഗ് കമ്പനികൾ, ക്യാപിറ്റൽ മാർക്കറ്റ്, അസറ്റ് മാനേജ്മെന്റ്, ഇൻഷ്വറൻസ് കമ്പനികൾ, ഐടി./ ഐടിഇഎസ് സേവനങ്ങൾ, നിയമം, അക്കൗണ്ടിംഗ്, ഓഡിറ്റ് മാനേജ്മെന്റ് ഓർഗനൈസേഷനുകൾ, ഹോസ്പിറ്റാലിറ്റി, കൺവെൻഷൻ, വിനോദം, സ്വകാര്യ ഇക്വിറ്റി ഏജൻസികൾ / കമ്പനികൾ, ഗവേഷണ-വികസന വിജ്ഞാനാധിഷ്ഠിത ഓർഗനൈസേഷനുകൾ എന്നീ സെക്ടറുകളിലുള്ള കമ്പനികൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (സി) | ഗ്രാമപ്രദേശത്തെ പാവപ്പെട്ട ഭൂവുടമകളിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിന് നോട്ടീസ് നൽകുകയും വർഷങ്ങൾ കഴിഞ്ഞിട്ടും ഭൂമിയുടെ വില ഭൂവുടമകൾക്ക് നൽകാതെയിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | കിഫ്ബി ധനസഹായത്തോടെയാണ് പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കുന്നത്. കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഗ്രാമപ്രദേശത്തെ പാവപ്പെട്ട കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, ചികിത്സ | (ഡി) | മേൽ “സി” പിരിവിനുള്ള മറുപടി കണ്ടാലും |

| | | | |
|---|---|---|---|
| | എന്നിവയ്ക്ക് ഭൂമി പണയപ്പെടുത്താനോ വിൽക്കാനോ കഴിയാതെ കഷ്ടപ്പെടുന്ന ഇവർക്ക് ഭൂമിയുടെ വില എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | ഭൂവുടമകൾക്ക് എത്രയും വേഗം പണം നൽകണമെന്ന് കാണിച്ച് 10.08.2023 -ൽ നൽകിയ കത്തിൽ നാല് മാസം കഴിഞ്ഞിട്ടും പണം നൽകാത്തത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഇ) | മേൽ “സി” പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ